No.CEE/2629/2009/BH(LE)/TA IV

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

# ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2009

1. കേരളത്തിലെ വിവിധ സർക്കാർ, സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 2009-10 അദ്ധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:

   (i) നേറ്റിവിറ്റി : അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

   (ii) വിദ്യാഭ്യാസ യോഗ്യതകൾ: 50% മാർക്കിൽ കുറയാതെയുള്ള ഡി.ഫാം ബിരുദം (ഡിപ്ലോമ ഇൻ ഫാർമസി) (അപേക്ഷകർ ഫാർമസി കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ പഠിച്ച്, സ്റ്റേറ്റ് ബോർഡ് ഓഫ് ഡി.ഫാം/തത്തുല്ല്യ പരീക്ഷ എഴുതി രണ്ടാം വർഷ ഡി.ഫാം പരീക്ഷയ്ക്ക് 50% മാർക്കിൽ കുറയാതെ നേടിയിരിക്കണം). എസ്.ഇ.ബി.സി/ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ 45% മാർക്ക് എങ്കിലും നേടിയിരിക്കണം. എസ്.സി/എസ്.ടി വിഭാഗ്ത്തിൽപ്പെട്ട വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷ പാസ്സായിരുന്നാൽ മതി.

   (iii) വയസ്സ്: പ്രവേശനത്തിന് ഉയർന്ന പ്രായപരിധിയില്ല.

3. പ്രവേശന പരീക്ഷ: ലാറ്ററൽ എൻട്രി മുഖേന ബി.ഫാം കോഴ്സിനു പ്രവേശനം ആഗ്രഹിക്കുന്നവർ പ്രവേശന പരീക്ഷാ കമ്മീഷണർ, 2010 ജനുവരി മാസം 24-ാം തീയതി (ഞായറാഴ്ച) തിരുവനന്തപുരത്തു വച്ച് നടത്തുന്ന പ്രവേശന പരീക്ഷ എഴുതേണ്ടതാണ്.

   പ്രവേശന പരീക്ഷയ്ക്ക് 2 മണിക്കൂർ ദൈർഘ്യമുള്ള, 100 ചോദ്യങ്ങളുള്ള ഒരു പേപ്പറാണുള്ളത്. ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും. എസ്.സി/എസ്.ടി വിഭാഗങ്ങൾ ഒഴികെയുള്ള അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷയിൽ യോഗ്യത നേടി, റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് മിനിമം 10% മാർക്ക് നേടിയിരിക്കണം.

4. അപേക്ഷാഫോറം : അപേക്ഷാ ഫോറത്തിന്റെ മാതൃകയും പ്രോസ്പെക്ടസ്സും 'www.cee-kerala.org' എന്ന വെബ് സൈറ്റിൽ 14.12.2009 മുതൽ ലഭിക്കുന്നതാണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്, നിർദ്ദിഷ്ട രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും എടുത്ത തിരുവനന്തപുരത്ത് മാറാവുന്ന 300/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും (എസ്.സി /എസ്.ടി വിഭാഗത്തിന് 150/- രൂപ) സഹിതം സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ

നൽകുന്നതല്ല. അപേക്ഷാഫോമുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ് / മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നതല്ല.

5. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: പൂരിപ്പിച്ച അപേക്ഷാഫോമും അനുബന്ധ രേഖകളും ഡിമാന്റ് ഡ്രാഫ്റ്റും 2010 ജനുവരി മാസം 9-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5 മണിക്കു മുമ്പായി നേരിട്ടോ / രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ "കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001" എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

6. വൈകി ലഭിക്കുന്നതും, അപാകതയുള്ളതും അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് കമ്മീഷണറോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ഉത്തരവാദിയായിരിക്കുകയില്ല.

7. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവോനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണ റുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

8. അപേക്ഷാഫോമിൽ നിശ്ചിതഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഒരു കാരണ വശാലും പരിഗണിക്കുന്നതല്ല.

9. പ്രവേശന പരീക്ഷയിൽ പങ്കെടുത്ത് മിനിമം 10% മാർക്ക് ലഭിച്ച (എസ്.സി /എസ്.ടി വിഭാഗങ്ങൾക്ക് മിനിമം മാർക്ക് ബാധകമല്ല) എല്ലാവരും ഉൾപ്പെടുന്ന റാങ്ക് ലിസ്റ്റ്, പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്നതും, പ്രസ്തുത ലിസ്റ്റ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നതുമാണ്.

10. സീറ്റ് അലോട്ടുമെന്റ്, അഡ്മിഷൻ എന്നിവ പ്രോസ്പെക്ടസ്സ് വ്യവസ്ഥകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്.

<u>കുറിപ്പ്</u>: സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും 'www.cee-kerala.org' എന്ന വെബ് സൈറ്റിൽ ലഭ്യവുമായ 2009ലെ ബി.ഫാം (ലാറ്ററൽ എൻട്രി) പ്രോസ്പെക്ടസ്സിലുള്ള പ്രവേശന പരീക്ഷ, കോഴ്സ്, സീറ്റ് വിതരണം, വിവിധ വിഭാഗങ്ങൾക്കുള്ള സംവരണം മുതലായവ സംബന്ധിക്കുന്ന വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം

10.12.2009

**പ്രവേശന പരീക്ഷാ കമ്മീഷണർ**